I/140941/2023

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 02-08-2023

പ്രേഷകൻ :

ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ഹെവി വാഹനങ്ങളിൽ സീറ്റ് ബെൽറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച്.

സൂചന : കേന്ദ്ര മോട്ടോർ വാഹന ചട്ടം 138 (3 ) & 125A.

കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ 138 (3) ചട്ടപ്രകാരം, 125-A ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള തരം വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് 26.03.1994 മുതൽ സീറ്റ് ബെൽറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിട്ടുള്ളതാണ്.

എന്നാൽ മിക്ക മീഡിയം, ഹെവി വാഹനങ്ങളിലും ഡ്രൈവർമാർ/ സീറ്റ് ബെൽറ്റ് ധരിക്കേണ്ട മുൻ സീറ്റ് യാത്രക്കാർ ആയത് ധരിക്കാതെയാണ് യാത്ര ചെയ്യുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ഇത് സംബന്ധിച്ച് നിരവധി പരാതികളും ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽഇരുചക്ര മുച്ചക്ര വാഹനങ്ങൾ ഒഴികെയുള്ള , കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാത്തരം വാഹനങ്ങളിലും ഡ്രൈവർമാർ / യാത്രക്കാർ സീറ്റ് ബെൽറ്റ് ധരിച്ചാണ് യാത്ര ചെയ്യുന്നത് എന്ന കാര്യം ഉറപ്പ് വരുത്തേണ്ടതും ആയത് ലംഘിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കണമെന്നും ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

Signed by
K Manojkumar
Date: 02-08-2023 17:25:56

K Manojkumar
JOINT TRANSPORT COMMISSIONER(ENFORCEMENT) IN CHARGE

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in

I/140941/2023

ഇമെയിൽ: tcoffice.mvd@kerala.gov.in